**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3963** **15-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ പ്രവർത്തനരീതിയും ചുമതലകളും വിശദമാക്കാമോ; ഈ സർക്കാരിന്റെ കാലയളവിൽ ശമ്പള ഇനത്തിലും യാത്രപ്പടി ഇനത്തിലും കമ്മീഷൻ അംഗങ്ങളും ചെയർമാനും ഓരോ വർഷവും കൈപ്പറ്റിയ തുക ഇനം തിരിച്ച് വ്യക്തമാക്കുമോ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013ന്റെ വകുപ്പ് 16, സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018ന്റെ ചട്ടം 31 എന്നിവയുടെ അടിസ്ഥാനത്തിൽ 21.12.2018 ലെ സ.ഉ(കൈ) നം. 50/2018/ ഭ.പൊ.വി.വ പ്രകാരമാണ് സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ചത്. ചെയർപേഴ്സൺ ഉൾപ്പെടെ ആറ് അംഗങ്ങളും മെമ്പർ സെക്രട്ടറിയും അടങ്ങുന്നതാണ് കമ്മീഷന്റെ ഘടന.<br><br>കമ്മീഷന്റെ ചുമതലകൾ താഴെപ്പറയുന്നവയാണ്.<br><br>1. ദേശീയ ഭക്ഷ്യ ഭദ്രത നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ സമഗ്രമായ മേൽനോട്ടവും വിലയിരുത്തലും<br><br>2. നിയമത്തിലെ രണ്ടാം അധ്യായപ്രകാരമുള്ള അവകാശാധികാരങ്ങൾ നിഷേധിക്കപ്പെട്ടത് സംബന്ധിച്ച് സ്വമേധയായോ, പരാതിയിൻമേലോ അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കുക<br><br>3. സംസ്ഥാന സർക്കാരിന് ഈ നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പിനാവശ്യമായ ഉപദേശങ്ങൾ നൽകുക<br><br>4. ഈ നിയമത്തിൽ വ്യക്തമാക്കിയിട്ടുള്ള അവകാശാധികാരങ്ങൾ വ്യക്തികൾക്ക് പൂർണ്ണമായും ലഭ്യമാക്കുന്ന ഭക്ഷ്യ ഭദ്രതാ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ, സർക്കാർ ഏജൻസികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ഇത്തരം സേവനങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഉപദേശം നൽകുക<br><br>5. ജില്ലാ പരാതി പരിഹാര ഓഫീസറുടെ ഉത്തരവിൻമേലുള്ള അപ്പീൽ കേൾക്കുക.<br><br>കമ്മീഷൻ നടത്തുന്ന അദാലത്തുകൾ, സെമിനാറുകൾ, ബോധവത്കരണ പരിപാടികൾ, സന്ദർശനങ്ങൾ തുടങ്ങിയവയ്ക്കിടെ കണ്ടെത്തുന്ന ഭക്ഷ്യ ഭദ്രത ഉറപ്പു വരുത്തുന്നതിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് വിവിധ വകുപ്പുകൾക്ക് നിർദ്ദേശം നൽകുക, സർക്കാരിലേക്ക് |

<table>
<tr><td></td><td></td><td></td><td>ശുപാർശകൾ സമർപ്പിക്കുക, കൂടാതെ ഇത്തരം പരിപാടികളിൽ ലഭിക്കുന്ന പരാതികളുടെയും മീഡിയാ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ സ്വമേധയാ കേസ്സ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കുക, ജില്ലാ പരാതി പരിഹാര ഓഫീസറുടെ ഉത്തരവിൻമേലുള്ള അപ്പീൽ കേൾക്കുക തുടങ്ങിയവയാണ് കമ്മീഷന്റെ പ്രധാന പ്രവർത്തന രീതികൾ. കൂടാതെ ഗോത്രവർഗ്ഗ ജനതയുടെ ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുന്നതിനായി ഗോത്രവർഗ്ഗ വനിതാ കൂട്ടായ്മയായ 'ഭാസുര' രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുമുണ്ട്.<br><br>ഈ സർക്കാരിന്റെ കാലയളവിൽ ശമ്പളയിനത്തിലും യാത്രാപ്പടിയിനത്തിലും ചെയർമാനും കമ്മീഷൻ അംഗങ്ങളും കൈപ്പറ്റിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ചെയർമാൻ
<table>
<tr><th rowspan="2">ഇനം</th><th colspan="2">വർഷം</th></tr>
<tr><th>2021</th><th>2022</th></tr>
<tr><td>ശമ്പളം</td><td>1245610</td><td>9,83,775</td></tr>
<tr><td>യാത്രാബത്ത</td><td>--</td><td>--</td></tr>
</table>
<br>കമ്മീഷൻ അംഗങ്ങൾ
<table>
<tr><th rowspan="2">ഇനം</th><th colspan="2">വർഷം</th></tr>
<tr><th>2021</th><th>2022</th></tr>
<tr><td>ഓണറേറിയം</td><td>242258</td><td>2100000</td></tr>
<tr><td>യാത്രാബത്ത</td><td>42790</td><td>ഫണ്ട് അനുവദിച്ച് കിട്ടിയിട്ടില്ല.</td></tr>
<tr><td>വാഹനബത്ത</td><td>200000</td><td>150000</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>കമ്മീഷൻ അംഗങ്ങളുടെ വാഹനത്തിൽ ഔദ്യോഗിക പതാക ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;</td><td>(ബി)</td><td>ഇല്ല</td></tr>
<tr><td>(സി)</td><td>ഭക്ഷ്യ കമ്മീഷൻ അംഗങ്ങൾക്ക് ടെലിഫോൺ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവയ്ക്ക് അലവൻസ് അനുവദിച്ചിട്ടുണ്ടോ;</td><td>(സി)</td><td>സ.ഉ(സാധാ)നം.09/2021/ഭ.പൊ.വി.വ തീയതി 6.01.2021, 24.01.2012 ലെ സ.ഉ(സാധാ)നം. 704/2012/പൊ.ഭ.വ എന്നിവ പ്രകാരം ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കുള്ള തുകയും, 26.04.2018 ലെ സ.ഉ(കൈ) നം. 158/2018/ധന, 06.01.2021 ലെ സ.ഉ(സാധാ)നം. 8/2021/ഭ.പൊ.വി.വ എന്നിവ പ്രകാരം ചെയർമാന് പ്രതിമാസം 3000/- രൂപയും 31.12.2019 ലെ സ.ഉ(കൈ)നം. 33/2019/ഭ.പൊ.വി.വ പ്രകാരം അംഗങ്ങൾക്ക്</td></tr>
</table>

| | | | |
|---|---|---|---|
| | | | പ്രതിമാസം 840/- രൂപയും ടെലഫോൺ ബത്തയായും അനുവദിച്ചിട്ടുണ്ട് |
| (ഡി) | 2016 മുതൽ ജില്ലാടിസ്ഥാനത്തിൽ ഭക്ഷ്യ കമ്മീഷന് എത്ര പരാതികൾ ലഭിച്ചുവെന്നും അവയിൽ എത്ര പരാതികൾ തീർപ്പ് കൽപ്പിച്ചുവെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (ഡി) | 2019 ജൂൺ 25 മുതലാണ് കമ്മീഷൻ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ചത്. കമ്മീഷന് ലഭ്യമായ പരാതികൾ സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| ജില്ല | വർഷം | ലഭിച്ച പരാതി | തീർപ്പ് കൽപ്പിച്ചത് |
| --- | --- | --- | --- |
| തിരുവനന്തപുരം | 2019 | - | - |
| | 2020 | 1 | 1 |
| | 2021 | 10 | 10 |
| | 2022 | 8 | 7 |
| കൊല്ലം | 2019 | | |
| | 2020 | 1 | 1 |
| | 2021 | 2 | 2 |
| | 2022 | 2 | 1 |
| പത്തനംതിട്ട | 2019 | - | - |
| | 2020 | 1 | |
| | 2021 | - | - |
| | 2022 | - | - |
| ആലപ്പുഴ | 2019 | - | - |
| | 2020 | 3 | 3 |
| | 2021 | 1 | 1 |
| | 2022 | 1 | - |
| കോട്ടയം | 2019 | - | - |
| | 2020 | - | - |
| | 2021 | 1 | 1 |
| | 2022 | - | - |
| ഇടുക്കി | 2019 | - | - |
| | 2020 | - | - |
| | 2021 | 2 | 1 |
| | 2022 | 1 | - |
| എറണാകുളം | 2019 | - | - |
| | 2020 | 2 | 2 |
| | 2021 | 1 | 1 |
| | 2022 | 1 | - |
| തൃശ്ശൂർ | 2019 | - | - |
| | 2020 | 9 | 7 |
| | 2021 | 8 | 6 |
| | 2022 | 1 | 1 |
| പാലക്കാട് | 2019 | 1 | 1 |
| | 2020 | 1 | 1 |
| | 2021 | 8 | 7 |
| | 2022 | 4 | 2 |
| മലപ്പുറം | 2019 | - | - |
| | 2020 | 2 | 2 |
| | 2021 | 5 | 5 |
| | 2022 | 3 | 2 |
| കോഴിക്കോട് | 2019 | - | - |

| | | | |
|---|---|---|---|
| | **2020** | 3 | 3 |
| | **2021** | 5 | 5 |
| | **2022** | – | – |
| **വയനാട്** | **2019** | – | – |
| | **2020** | 3 | 3 |
| | **2021** | 3 | 2 |
| | **2022** | – | – |
| **കണ്ണൂർ** | **2019** | – | – |
| | **2020** | – | – |
| | **2021** | – | – |
| | **2022** | 1 | 1 |
| **കാസർഗോഡ്** | **2019** | – | – |
| | **2020** | – | – |
| | **2021** | – | – |
| | **2022** | – | – |